നിഷ്കളാനന്ദം നിറഞ്ഞിടുന്നു.
ആ വര കാമിനി തൻഗുണ മാരാഞ്ഞാൽ
ആരഭിമാനിയായ് ത്തീരുകില്ലാ ?

പാസരാന്ത്യത്തിൽ വെടിഞ്ഞെന്നാ പോകി
ആ സുശീലയ്ക്കു വെറുപ്പില്ലെന്നിൽ ! (ലും
വാരിളംകാറേ, നിൻ സംഗീത സമ്പത്തി

താരിന്റെ താളത്തെ യാശ്രയിക്കാം.
ലോകത്രയത്തിൻ ജനയിതാവും ദിവ്യ-
സൂനമിതൊന്നിൽ ജനിച്ചതില്ലേ ?"
..... ..............................
..............................................
"ഹാ, മൽക്കമലിനിയ്ക്കാമയമേകാതീ—
വ്യോമസഞ്ചാരി പസിച്ചതാകിൽ !"

ii

പങ്കജമോത്തു "അനവദ്യ സൌന്ദര്യ—
സങ്കേത മപ്പുമാൻ പാവനാത്മൻ !
മഞ്ജുളോഷസ്സില കാഞ്ചനകൈകളാൽ
മംഗല്യ മാല്യമെനിക്കു നൽകി,
സ്മേരാസ്യനായെന്നെ നോക്കിനിന്നിട്ടപ്പോൾ
നേത്രാതാം—ഞാനെന്നാൽ വിസ്മൃതയാം.
എന്നമിരൾത്തുണി കത്തിച്ചൊട്ടുക്കമ—
പ്പൊന്നൊളി ദീപ മഹസ്സുതോറും
മാമക പ്രേമ നഭസ്സിൽ ജ്യോതിസ്സിൽ നി—
രാമയ ഞാൻ, നാഥാ ! വെൽവൂതാക !"

എൻ. ആർ. പ്രഭാകരൻ.
ക്ലാസ് ൬.

---

# ഹേമ

(പെരുവാരം കെ. കൃഷ്ണൻനായർ, U. C. College.)

അങ്ങതാ പോകുന്നു കാട്ടിൽ കൂടി
മംഗളഗാത്രയാം ഹേമ
ആനനം തെല്ലുനമിച്ചു പോകും
കാനന റാണിയെപ്പോലെ
പാരിതിൽ തത്തിച്ചരിക്കു മൊരു
താരകപ്പെൺമണിപോലെ
തൻ മണിപ്പഞ്ജരം വിട്ടു പോകും
പൊൻമണിപ്പൈങ്കിളിപോലെ
പാസന്ത രാവിനെപ്പോലെ മധു
മാസത്തിൻമാധുര്യംപോലെ
കാമുകസങ്കേതരംഗം തേടി
കാമിനി പോകുന്നപോലെ
ഏകയായ് പോവുകയാണു ഹേമ
ഭീകരയാമിനിയിങ്കൽ

അങ്ങതാ പോകുന്നു കാട്ടിൽ കൂടി
മംഗളഗാത്രയാം ഹേമ

ആലോലനീഹാരപൂരം പൂശി
ലാലസിക്കുന്നൊരിരവിൽ
പൂർണ്ണഹാസം പൊഴിച്ചു ശശി
തൂമയിൽത്തൂകും നിലാവിൽ
കാമദശികളോതും തന്റെ
കാമുകനെത്തേടി പോകും
പ്രേമമനോജ്ഞാംഗിയല്ല എന്റെ
ഹേമ മനോഹരി തെല്ലും
കാമുകചിന്തകളൊന്നു മവൾ
ക്കാമോദമേറുകയില്ല
ജീവിതദുഃഖവും പേറി യവൾ
പോവുകയാണീയിരവിൽ

അങ്ങതാ പോകുന്നു കാട്ടിൽ കൂടി
മംഗളഗാത്രയാം ഹേമ

മാതാവിൻ വിശ്രമരംഗം അന്ത്യ
മാകും ചിതാഭൂമി തന്നിൽ

സൗഹാർദ്ദസാന്ത്വനം തേടി ഹേമ
വിഹ്വലഗാത്ര ഗമിപ്പൂ
മാനവരേഖതം നിര തന്റെ
യാനന്ദ സ്വപ്നകരത്തിൽ
സാമോദം ലാലസിച്ചല്ലോ കൊച്ചു
ഹേമയിപ്പട്ടടബ്ളുവിൽ
സന്താപഭാണ്ഡവും പേറി തന്റെ
ചിന്തയാംസ്യന്ദനമേറി
മാതാവിൻ തിപ്പ്രീതിയോഗം ഓർത്തു
ഭീതയായ് മന്ദം ചരിപ്പൂ

അങ്ങതാ പോകുന്ന കാട്ടിൽ കൂടി
മഗ്ദലഗാത്രയാം ഹേമ

ഓമനമന്ദം നടന്നു ഭീമ
മാമൊരു മാമരച്ചോട്ടിൽ
പെട്ടെന്നു ചെന്നങ്ങുനിന്നു മുന്നിൽ
പട്ടടപ്പാഴ് രംഗം വന്നു
കാണുന്നൊരു പിടി ഭസ്മം തന്റെ
കണ്ണുകൾക്കാനന്ദസദമം
"അമ്മയെന്നമ്മേ"യെന്നോതി പിഞ്ചു
പെൺകൊടിനാവു കുഴഞ്ഞു
പുത്തനായ് പൂത്ത തേന്മാവിൻ പത്ര
മെത്തമേലങ്ങു പതിച്ചു

× × ×

ഭീകരം ഭീകരം പാരം
ശികര ചുംബനസാരം മൃത്യു

വാർമഴ വില്ലും മറയും കൊച്ചു
പൂവനം പോലുമുലയും

× × ×
× × ×

അങ്ങതാ പോകുന്ന വാനിൽ കൂടി
മഗ്ദലഗാത്രയാം ഹേമ

മാതാവിൻ ചാരത്തുചെന്നു ഹേമ
ജാതങ്കളെല്ലാമകന്നു
ചാരുകുമാരിക ഹേമ വാനിൽ
താരങ്ങളൊത്തുല്ലസിപ്പൂ
ആഴിയിലാനന്ദഗീതം പാടി
വാഴുന്ന കല്ലോലപോതം
മേദ്യാവിൽ പ്രണയോപഹാരം ചാർത്തി
മേവുന്ന താരകഹാരം
മൂകരജനിയിലെങ്ങും സ്മിതം
തൂകുന്ന കണ്മണിച്ചന്ദ്രൻ
പൂകുന്ന പൂത്ത തേന്മാവിൻ നവ്യ
പൂങ്കുലതൊത്തിലങ്ങോവൽ

അങ്ങതാ മിന്നുന്ന വാനിൽ സുമ
സുസ്മിത ഗാത്രയാം ഹേമ

ശാരദച്ചന്ദ്രനും താരകത്തോഴനും
മാനിക്കും ഹേമേ മൽജീവരാശേ
പോകട്ടെ പോകട്ടെ നിൻ കളിത്തോഴൻ—
ഭീകരമാമീയിരുളിൽനിന്നും (ഞാൻ

## സഖിയോട്

(ഗാഥ)

### I

"എന്തു ഞാൻ ചൊല്ലേണ്ടു തോഴിയെൻ ഏ
ത്തിലെ—
സ്സന്താപമാരിന്നറിഞ്ഞിടുന്നു ?
വിണ്ടലമാകെ നിറഞ്ഞു കഴിഞ്ഞു കാർ—
കൊണ്ടലാൽ, ഞാനോ സഹായമറ്റോൾ
കോളുപിടിച്ചിതാ ചീറുന്നിതാകാശം
ഘോരമായ് പേമാരി പെയ്തിടുന്നു
കോടക്കാർ കണ്ടു കുതുഹല ചിത്തരായ്
കേകികൾ നർത്തനം ചെയ്തിടുന്നു
ഈ 'രാവി'രുളില രുന്നിതാ മിന്നലാം
ഹാരങ്ങൾ പൊട്ടിച്ചെറിഞ്ഞിടുന്നു."

### II

"എന്തൊരു ഭാഗ്യമെൻ തോഴി, ഞാനി—
ന്നെന്റെ
കാന്തനെ കൺമുന്നിൽ കണ്ടുണർന്നു.
ആനന്ദസാഗരം പോലെ പുലരൊളി—
മാനം നിറഞ്ഞു തളുമ്പിനിൽപ്പൂ!
ഇന്നെന്റെ ജീവിത വല്ലരി മഞ്ജുള—
മഞ്ജരീസഞ്ചിതമായ് ലസിപ്പൂ!
ഇന്നെന്റെ താരുണ്യത്താരിളം കോരക—
മന്നതാനന്ദം വിടർന്നുവല്ലോ!
ഇന്നെന്റെ മന്ദിരമൊന്നാകെപ്പുത്തൊരു
കൊന്നപ്പൂങ്കാവന സന്നിഭമായ്



ഭാഗ്യത്താൽ കിട്ടിയെൻ തോഴനെ, സ്സംശയ—
യോഗ്യമല്ലെന്മനമിന്നിയേതും.

കോകിലജാലമേ! കോരിച്ചൊരിയുവിൻ
കോമള കാകളീ ഗീതകങ്ങൾ.
പാലൊളിപ്പൂനിലാപ്പാവോളം തൂകു നീ
പാലാഴിപ്പെത്തലേ! വാനിൽനിന്നും.

ഹേ! രതികാമുക! കോരിച്ചൊരിഞ്ഞാലും
ചാരുതമേറും സുമശരങ്ങൾ!
നാഥന്റെ യംഗുലീ സ്പർശത്താൽ ഞാനൊരു
നാകവിലാസിനിയായിടട്ടെ!"

(എസ്സ്. കെ. നായർ, ആലുവാ)

## വൃന്ദാവനം

(എ. കെ. സുധാകരൻ)

### 1.

പച്ചപ്പുതപ്പു വിരിച്ചപോൽ മിന്നുന്ന
സമ്പൂർണ്ണ സുന്ദര മൈതാന ഭൂമികൾ,
തൈമണിത്തെന്നലിൽ തത്തിക്കളിക്കുന്ന
കോമള മോഹനനെല്ലിന്റെ വീഥികൾ.
മർമ്മരഗാനം പൊഴിച്ചു മരാലസം
മന്ദം കുണുങ്ങിയൊഴുകും മരുവികൾ.
അംബരം ചുംബിച്ചു കോൾമയിർക്കൊള്ളുവാ
വെമ്പിയുയർന്നിട്ടും മാമലശ്രേണികൾ. (ൻ
പുഷ്പപരിമള പൂരിതമായിട്ടും
ശ്യാമള ശീതള കാനനച്ഛായകൾ.
ഇങ്ങനെ വിശ്വപ്രകൃതി തൻ രംഗങ്ങ—
ളെല്ലാം നിറഞ്ഞുള്ള മാമക ഭാരതം.
വിണ്ണിനെപ്പോലും വിജയിച്ചു മേവുന്ന
വൃന്ദാവനം തന്നെയല്ലയോ തോഴരേ ?

### 2.

പണ്ടേമുതല്ക്കോരോ പുണ്യസപ്തർഷിമാരെ
പെററു പുലർത്തുപോളാണെന്റെ മാതൃ ഭൂ-
വേദാന്തമെന്നതിൻ പച്ചയായ ഭേദമാ—
ണി ദേവലോകമാം മാമക മാതൃഭൂ...
ആത്മിയ ശക്തിയാൽ ലോകത്തിനാകവേ
ആരാധനീയയാണെന്നുമെൻ മാതൃഭൂ...
.... .... .... ....
ഇപ്രപഞ്ചത്തിനെ യമ്മാനമാട്ടുവാൻ
സന്നദ്ധമിങ്ങേതു താരുണ്യ ഹസ്തവും.
ശുദ്ധിയും സിദ്ധിയുമേകമായ്ത്തിന്നതാ—
ണിങ്ങെഴും കല്യാണഗാത്രികൾ, രാധമാർ.
മന്നിലും വിണ്ണിലും സുപ്രഭ ചിന്തുന്ന
മിന്നൽക്കൊടികളാണാമഞ്ജു ദേവിമാർ
കാനനജ്യോത്സ്നപോലത്യന്ത ശോഭമാം
ചിന്താമണികളാണക്കൊച്ചു ദേവിമാർ
ഈ മനോമോഹന വൃന്ദാവനം കണ്ടു
വിസ്മയ സ്തബ്ധരായ, സന്തോഷലീനരായ്,

ആകാശദേവകൾ മേഘമണിത്തേരി—
ലേറിവന്നു സുമ വൃഷ്ടി പൊഴിക്കയാം"......

### 3.

ത്യാഗവും സ്നേഹവും രൂപമെടുത്തതാം
ശ്രീ ഗാന്ധിദേവന്റെ ജന്മഭൂവിസ്ഥലം
അക്രമരാഹിത്യമാകും പടച്ചട്ട—
യൻപിൽ ധരിച്ചിട്ടു വിശ്വം ജയിക്കുവാൻ,
മുന്നോട്ടു പായുന്നൊരക്കർമ്മ ധീരന്റെ
മാതൃഭൂവേ തവ മാഹാത്മ്യമെന്തു താൻ ?
തൽപ്പാദ പങ്കജ സേവനം പോരുമെൻ
ജീവിതപ്പാതയിൽപ്പൂക്കൾ വിരിക്കുവാൻ !...

### 4.

ആയിരമായിരം സിംഹാസനങ്ങൾ ഹാ !
നാശഗർത്തത്തിങ്കലാപതിച്ചീടിലും.
പിന്നെയും പിന്നെയും സാമ്രാജ്യത്തൃഷ്ണയാൽ
അന്യരടിമപ്പെടുത്താൻ ശ്രമിക്കിലും,
സ്വാതന്ത്ര്യമാരാഞ്ഞു മുന്നോട്ടു പോയിട്ടും
സാമോദമെന്നുമിവിടെജ്ജനാവലി.
സ്വേച്ഛാപ്രഭുത്വത്തെ വീറോടെതിർത്തുനി-
ന്നഛിന്ന കൌതുകം, രക്തം പൊഴിച്ചതാം,
ആ രാജപുത്രഭടന്മാരെയോർത്തോർത്തു
പാരിലിന്നേവനും കോൾമയിർക്കൊണ്ടിടാം!
ചാരിത്രരക്ഷയ്ക്കു മാത്രമായ് ജീവിതം
ധീര ധീരം സ്വയം ഹോമിച്ച 'പത്മിനി'!
എന്നുമവയ്ക്കൊക്കെ മൂകമാണെങ്കിലും
സാക്ഷ്യം വഹിക്കു 'മരാവലി'ക്കുന്നുകൾ.......
ഈവണ്ണമുള്ള മഹാ ത്യാഗശീലകൾ
കല്പാന്തകാലംവരെയും ജ്വലിച്ചിട്ടും.
എന്മാതൃഭൂവിന്റെ മാഹാത്മ്യചന്ദ്രിക
മങ്ങി മയങ്ങി നശിക്കില്ലൊരിക്കലും,
വേണങ്കിലമ്മേ ഭവദ്രക്ഷ നേടുവാൻ
പ്രാണനും ഞങ്ങൾ ത്യജിച്ചിടാമെപ്പോഴും...

5.

സ്വാതന്ത്ര്യസന്ദേശമേന്തി വന്നെത്തുന്ന
ഭീകരമെങ്കിലും നൂതനമാമൊരു വിപ്ലവം!
അക്കൊടും വിപ്ലവക്കാറ്റൊന്നൊടുങ്ങിയാൽ
അക്ഷണം നമ്മൾ വിമുക്തരായ് ത്തീർന്നിടും.
ആനന്ദകല്പക ശീതളച്ഛായയിൽ
അന്നു നമുക്കു സുഖിച്ചു രമിച്ചിടാം.
ആ വസന്തോത്സവം രോമഹർഷപ്രദം
ആസന്നമാകുന്നു നോക്കിൻ സഖാക്കളേ!
അന്നിമനോഹര വൃന്ദാവനാന്തരം
സ്വാതന്ത്ര്യഗാന മുഖരിതമായിടും.......

---

## മറവിയുടെ മാറ്റൊലി

(പെരുവാരം കെ. കൃഷ്ണൻനായർ)

അന്നദിനം ഞാൻ കുതിച്ചഹോ! വാനിലേ-
ക്കന്നിമേഷം പതിച്ചു ഞാൻ ഭൂതലേ........!!

ഹൃദയപാഴ്മണൽത്തണ്ടു ഭേദിച്ചൊരാ-
പ്രണയകുല്യതൻ പൊട്ടിച്ചിരികളിൽ
പരമ പാവന പ്രേമോപഹാരമാം
പരമശാന്തി, ഹാ! കണ്ടു ഞാനോമലേ!!
ചതി, വെറുപ്പ്, മസൂയ, ഹാ! ലോകമേ
മതിമതിയെനിക്കെന്തിനിജ്ജീവിതം?
ക്ഷതഹൃദയനായെന്തിനി കൊച്ചുകൊ-
ച്ചലകളിൽ തേങ്ങിത്തേങ്ങി കരവൂ ഞാൻ,....?

ഇവിടെയീ ഹിമരാശികൾ തോറുമി-
യലകളേറ്റേറ്റിളകുമെൻ മാനസം
എവിടെയേതു ശിലാഗുഹരത്തിലാ-
ണണവതയ്യയ്യോ!—പിൻമടങ്ങട്ടെ ഞാൻ.....

അരുതരുതെനിക്കീമൗന സംഗീത-
മരുതരുതെനിക്കീമൗന രോദനം................!!

കപടമെന്തിലും, കാരുണ്യശൂന്യ,മീ-
ക്കദനലോകം,—കഠിനശോകാത്മകം
കരിമുകിൽ കാളരാത്രി. യിടയ്ക്കിടെ
രജതതാരകതാരിതെന്തത്ഭുതം.....................?

×　　×　　×

പ്രണയ ബാഷ്പരഹിനകണോജ്ജ്വലമാം
കരുണ യാചിച്ചുയാചിച്ചന്നദിനം
മുരളപാടി തൻ പുഞ്ചിരിപ്പൂവിലെൻ
ഹൃദയനാളം ത്രസിച്ചു ത്രസിച്ചിദം
ചലഫലാകൃഷ്ടക്ലാന്ത ഹൃദയനായ്
മതി കരഞ്ഞതെൻ മൂകഹൃദന്തമേ!
മതിയിനിച്ചെറുമാകാ!—യീ നാടകം
മുഴുവനാക്കുവാൻ!—നാട്യം നടിക്കുവാൻ.....!!

മണിമലർമേട മാമകം മാറുമീ-
മഹിതരശ്മിയിൽ മംഗളരാശിയിൽ
മധുരഗാനം മദിയം മുഴക്കുവാൻ
മുരളി—ഹാ! ഹാ! തകർന്നുപോയ്, തോഴ-
രേ........!!

അതികഠിനം കവനകല, മമ
കരമിടറുന്നു, വയ്യെനിക്കൊന്നിനും................

×　　×　　×

എരിയുമെൻ ജീവധൂപത്തിൻ ധൂമത്തിൽ
തിരി പതുക്കെക്കുറച്ചു നോക്കട്ടെ, ഞാൻ........!
നിഹതനിന്ദിതനൈരാശ്യദാരുവിൻ
നിഴലിൽനിന്നൊന്നു നീങ്ങിനോക്കട്ടെ, ഞാ-
ൻ........!
വിധിവിഹിതവിരാമമീവിശ്വത്തിൽ
വിമഗതതയിൽ വിലയിച്ചിടട്ടെ, ഞാൻ......!!

മറവി, ഹാ! ഹാ! മധുരമവിടമാ-
ണിനിയെനിക്കുള്ളൊരാനന്ദമണ്ഡപം
പുളകകോമളം കൺടകാണെറിഞ്ഞെറി-
ഞ്ഞവിടെ നിൽപ്പൂ;—മരണം! മനോഹരം!!

---



## "തങ്കമേ! തഴച്ചാലും!!!"

(കേക)

കേട്ടിട്ടുന്നിതാ നാദം! തേന്മാവിൽ വസിക്കുന്ന-
കൂട്ടരാം ശുകങ്ങൾ തന്നുല്ലാസ ദാഹഗാനങ്ങൾ.
പൂപ്പുമാം സ്മരണയൊന്നോപമായുദിക്കുന്നു,
നിഷ്പ്രാണമടയുവാൻ മാനസം തുടിക്കുന്നു.
പാട്ടുവിൻ ശുകങ്ങളേ! കേൾക്കുവാൻ ചെ-
വിതരാം,
പാട്ടുപെട്ടുഴലുന്നി മനുഷ്യപദാനം നി.
പാടുന്ന കൂട്ടത്തിങ്കലന്നത്തെ മഹോദ്യമം,
ചാട്ടവാക്കായിപ്പോയെന്നോതാതെയിരിക്കുകി-
ൽ,
പിന്നെയും തുടർന്നീടാമെത്തുകിലെത്തട്ടെന്നു-
തന്നെ ഞാനുറച്ചീടാമെന്തുതാൻ ഭവിക്കിലും.
ഒന്നിലും സൗഖ്യത്തിന്റെ ലാഞ്ഛനകാണി-
ക്കാത്ത
മന്നിലെ മനുഷ്യത്വം, നശ്വരം, മനാകഷ്ടം.
ഒന്നിലും ജയത്തിന്റെ ലാഞ്ഛനകണ്ടിടാതെ,
ഒന്നിലും ജീവോദ്ദേശം സ്ഥായിയായുറയ്ക്കാതെ,
ഇപ്പാഴ് വെറുതുള്ള യാത്രയിൽ, കണ്ണത്തിലാ-
ഴപ്പിരിക്കയറിന്റെ മുൾക്കമാവാം പക്ഷേ!
അയ്യോ! ഞാൻ ചെന്നെത്തിടാൻ, അല്ലലാലുഴ-
ലായ്യാൻ,
ഉള്ളലിഞ്ഞാരോ ചേർക്കും, നിർമ്മല പ്രേമശീ-
തം.
ആഴിതന്നടിത്തട്ടിലാണ്ടു, താൻ നരകിപ്പോ-
ക്കാഴമങ്ങില്ലാത്തതാം, സൗഖ്യമേ കണ്ണീർത്തു-
ളി.
കണ്ടിടാം നിന്നേയെന്നു, മെന്തിലുമനല്പശ്രീ-
പൂണ്ടിടാമൊരുപക്ഷേ, ധന്യനാ മെന്നെന്നേ-
ക്കും.
പൂമണം തൂകിടാനു, മാമയമൊതുങ്ങാനും,
ഭാമ, നിയല്ലാതാരു—, തങ്കമേ! തഴച്ചാലും!!!

എൻ. രവീന്ദ്രനാഥൻ നായർ,
ജൂണിയർ ബി. എ. ക്ലാസ്സ്,
യു. സി. കോളജ്,
ആലുവാ.

---

## "സുധീശന്റെ വിധി"

(കെ. പി. ശങ്കരൻനായർ)

1927 ഏപ്രിൽമാസത്തിലാണ്. നാഗപുരം നിവാസികൾക്ക് എത്രയോ ഉദ്വേഗജനകമായ ഒരു ദിവസമായിരുന്നു അത്. ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ കോടതി അവിടെ സ്ഥാപിതമായതിന്റെ ശേഷം ഇന്നുവരെയും ഇത്ര 'പ്രമാദമായ' ഒരു കേസ് അവിടെ വിചാരണയ്ക്കു വന്നിട്ടില്ല. ഉൽകൃഷ്ടമതികളും ഉല്പതിഷ്ണുക്കളും ആയ പല ദേശഭക്തന്മാരെയും അവിടുത്തെ ന്യായാധിപന്റെ തൂലികാവിക്രീഡിതങ്ങൾ കാരാഗാരത്തിന്റെ ഇരുളടഞ്ഞ മുറികളിലേക്കു തള്ളിവിട്ടിട്ടുണ്ട്. ഭാരതീയജനതയുടെ സകല സംരംഭങ്ങളേയും അസൂയാജഡിലമായ മനോഭാവത്തോടുകൂടി മാത്രം വീക്ഷിച്ചുവന്നിരുന്ന ചില ആംഗ്ലേയ നിയമപണ്ഡിതന്മാർ മാത്രമായിരുന്നു അതുവരെയും നാഗപുരത്തെ ന്യായാദ്ധ്യക്ഷപീഠം അലങ്കരിച്ചിരുന്നത്. എന്നാൽ ഇതാ, ഒരു ഭാരതീയൻ—മാതൃഭൂവിന്റെ സ്വാതന്ത്ര്യലബ്ധിക്കുവേണ്ടി അനുസ്യൂതമായി പോരാടുന്ന വംഗദേശം ജനിപ്പിച്ച ഒരു യുവാവ്—ആദ്യമായി അവിടേക്കു അധിരോഹണം ചെയ്യുരിക്കുന്നു. അപരാധിയോ, ഭാരതീയരുടെ മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രീഭവിച്ചിട്ടുള്ള ശ്രീമതി സുശീലാകുമാരി!

സുധീശചന്ദ്രബാബു ഐ. സി. എസ്സ്. പരീക്ഷയിൽ ഉന്നതവിജയം കരസ്ഥമാക്കിക്കൊണ്ടു ബോംബെ തുറമുഖത്തു കപ്പലിൽ വന്നിറങ്ങിയപ്പോൾ, നാഗപുരത്തെ ഡിസ്ട്രിക്ട് മജിസ്ട്രേട്ടായി തന്നെ നിയമിച്ചുകൊണ്ടുള്ള ഒരു ഉത്തരവു അദ്ദേഹത്തിനു ലഭിച്ചു. എത്ര അഭിമാനജനകമായ ഒരു നിയമനം! അത്ഭുതവും സന്തോഷവും സുധീശനെ പരവശനാക്കി. ഉടൻ തന്നെ ജോലിയിൽ പ്രവേശിച്ചുകൊള്ളണം എന്ന് ആ ഉത്തരവിലുണ്ടായിരുന്ന ഒരു ഉപാധി അദ്ദേഹത്തെ വളരെ വ്യാകുലപ്പെടുത്തി. വംഗദേശത്തേക്കു പോയി തന്റെ സകല ഉൽക്കർഷത്തിനും നിദാനമായ ദേവി ചന്ദ്രികറാണിയെ കണ്ടു വന്ദിച്ച് ആ മഹതിയുടെ അനുഗ്രഹവചസ്സുകൾ ലഭിച്ചതിനു ശേഷം മാത്രം മറ്റേതു കാര്യവും എന്നു സുധീശൻ ഉറച്ചിരുന്നു. തന്റെ വിജയത്തിൽ തന്നെ അനുമോദിക്കേണ്ടവർ ദേവി ച

# 'വാസവദത്ത'യുടെ പ്രണയം

(K. M. George, Senior B. A. Class)

മലയാള പദ്യസാഹിത്യത്തെ അതിന്റെ ഇന്നത്തെ മാന്യാവസ്ഥയിലെത്തിച്ച പ്രതിഭാസമ്പന്നനായ ഒരു അസാധാരണ വ്യക്തിയെന്ന നിലയിൽ കേരളീയർ എന്നും സബഹുമാനം സ്മരിക്കേണ്ട ഒരു മഹൽ പുരുഷനാണല്ലോ കുമാരനാശാൻ. കഥാഘടനയിലും, പാത്രസൃഷ്ടിയിലും, വർണ്ണനാ രീതിയിലും എന്നു വേണ്ട സാർവ്വത്രികമായ ഒരു പുതുമ ആശാന്റെ കൃതികളിൽ ദർശനീയമത്രെ. വിശ്വ സാഹിത്യകാരന്മാരുടെ ഇടയിൽ അഗ്രഗണ്യന്മാരായ ഷേക്സ്പിയർ, വിക്ടർ ഹ്യൂഗോ എന്നിവരുടെ മഹത്വത്തിനു പാത്രസൃഷ്ടിയിൽ അവർക്കുള്ള നൈപുണ്യം ഉത്തരവാദിത്വം വഹിക്കുന്നുണ്ടെന്നുള്ളതു നിസ്സംശയമത്രെ. കലാവിമർശകരുടെയും, സാഹിത്യ ചിന്തകരുടെയും നിരൂപണ പാടവത്തെ വെല്ലുവിളിച്ചു കൊണ്ടു പരിലസിക്കുന്ന പാത്രങ്ങളത്രെ ലേഡി മാക്‌ബെത്ത്, ക്ലിയോപ്പാട്രാ, ജീൻവാൽജീൻ എന്നിവർ. കേരളീയ സാഹിത്യ ശിരോമണികളായ സി. വി. രാമൻപിള്ള, ചന്തുമേനവൻ ഇവരേപ്പോലെയുള്ള ഒരു സ്ഥാനം ഈ വിഷയത്തിൽ ആശാനു ഇല്ലെങ്കിലും വളരെ ഔന്നത്യമേറിയ ഒരു പദവി കല്പിച്ചു കൊടുക്കാവുന്നതാണ്. ആശാന്റെ കവിതകളിൽ പ്രശോഭിക്കുന്ന നായികമാരിൽ 'വാസവദത്ത' നമ്മുടെ പ്രത്യേക ശ്രദ്ധയേ അർഹിക്കുന്നുണ്ട്.

മധുരാപുരിയിലേ അതിസുന്ദരിയായ ഒരു വേശ്യയാണു വാസവദത്ത. എന്നാൽ വേശ്യകൾക്കു സഹജമല്ലാത്ത ചില സ്വഭാവവിശേഷങ്ങൾ നാം അവളിൽ കാണുന്നു. ധനമോഹത്തിനു വിധേയരായി ശരീര സൗഭഗത്തെ ബലി കഴിക്കയല്ലാതെ, യഥാർത്ഥമായ പ്രണയം ഇക്കൂട്ടരിൽ അങ്കുരിക്കയില്ല തന്നെ. കഥയുടെ ആദ്യഭാഗത്തു തന്നെ അവൾക്കു ഉപഗുപ്തനിൽ അനുരാഗം ജനിച്ചതായി നാം വായിക്കുന്നു. അതു പരിശുദ്ധവും, പരമാർത്ഥവുമായ പ്രണയമോ, അതോ വേശ്യാസഹജമായ വെറും ഭോഗേച്ഛയോ എന്നു ആരായുന്നതു പ്രയോജനകരമായിരിക്കുമല്ലോ.

> "ഗുണമുദ്ധിയാൽ ഞാൻ തോഴി, കൊ-
> തിപ്പതക്കോമളന്റെ
> പ്രണയം മാത്രമാണെന്നു പറഞ്ഞില്ലേനി?"

എന്നു വാസവദത്ത ചോദിക്കുന്നതിൽനിന്നും വെറും ഗണികയെന്നുള്ള രീതിയിലല്ല തന്റെ രാഗത്തിന്റെ ഭാവമെന്നും, യഥാർത്ഥ പ്രണയം ഉണ്ടായിരുന്നുവെന്നും വിചാരിക്കാവുന്നതാണ്. എന്നാൽ കാമവികാരത്തെ യഥാർത്ഥ പ്രേമമാണെന്നു അവൾ തെറ്റിദ്ധരിച്ചതായി വരികയില്ലേയെന്നൊരു ചോദ്യത്തിനു അവകാശമുണ്ട്. 'സ്ത്രീസഹജമായ ലജ്ജ ഹേതുവായി അവളുടെ കാമപാരവശ്യം യഥാർത്ഥ പ്രേമമാണെന്നു തോഴിയേ ധരിപ്പിക്കുവാൻ അവൾ ശ്രമിച്ചതായിരിക്കാം' എന്നു ഒരു നിരൂപകൻ അഭിപ്രായപ്പെടുന്നു. 'കുലനയവിരുദ്ധമായ് കൊഴുക്കുന്ന പ്രണയത്തെ' മനസ്സിലാക്കി ഹസിക്കുന്ന തോഴിയോടു അപ്രകാരം പറഞ്ഞതായിരിക്കാമെന്നു പരിഗണിക്കുന്നതിന്റെ ഔചിത്യം മനസ്സിലാകുന്നില്ല.

'പ്രണയം മാത്രമാണ്' എന്നു പറഞ്ഞു കഴിഞ്ഞയുടൻ തന്നേ,

> "വിശപ്പിനു വിഭവങ്ങൾ വെറുപ്പോളമ-
> ശിച്ചാലും
> വിശിഷ്ട ഭോജ്യങ്ങൾ കാൺകിൽ കൊ-
> തിയാമാർക്കും"

എന്നു വാസവദത്ത പറയുന്നുണ്ട്. കാമസതൃപ്തിക്കു ധാരാളം അവസരങ്ങൾ ലഭിക്കുന്നുണ്ടെങ്കിലും ഒരു 'വിശിഷ്ട ഭോജ്യ'മായ ഉപഗുപ്തനേ അവൾ കാമിച്ചതു ഇവിടെ നീതീകരിക്കയാണു ചെയ്യുന്നതു്. ഈ 'ഭോജ്യ'ത്തിൽ വാസവദത്ത കാണുന്ന 'വൈശിഷ്ട്യം' കാമസംവർദ്ധകമായ ബാഹ്യ സൗന്ദര്യമോ, പരിശുദ്ധ പ്രേമപ്രേരകമായ ആന്തരിക സൗന്ദര്യമോ എന്നുള്ളതു ചിന്തനീയമാണ്.

> "കതിരവനുടെ ചെറുകിരണവും കാമ്യ-
> മല്ല
> യതിമാത്രമിരുൾ തിങ്ങുമന്ധകൂപത്തിൽ"

എന്നുള്ള ഭാഗത്തു കവി തന്നെ ഈ വികാരം 'അനവദ്യ സുഖദമാമനുരാഗാങ്കുര'ത്തിന്റെ ഒരു ചെറു കിരണമാണെന്നു സ്പഷ്ടമായിപ്പറയുന്നുണ്ട്. എന്നാൽ വേറൊരു ഭാഗത്തു

> "കമനീയ കായകാന്തി കലരും ജനമിങ്ങ-
> നെ
> കമനീവിമുഖമായാൽ കഠിനമല്ലേ?"

എന്നു വാസവദത്ത ചോദിക്കുന്നതിൽനിന്നും അവൾ ശരീരസൗഭഗത്തിലാണു ശ്രദ്ധ വെച്ചതെന്നു അനുമിക്കേണ്ടിയിരിക്കുന്നു.

വേശ്യകൾക്കു പ്രണയം 'കുലനയവിരുദ്ധ'മാണ്. അങ്ങനെയുള്ള പ്രണയത്തിന്റെ ആവിർഭാവം കണ്ടിട്ട്,

> "കുലനയവിരുദ്ധമായ് കൊഴുക്കുമിപ്രണ-
> യത്തിൻ
> നിലനായികയിൽ കണ്ടു ഹസിച്ചു ദൂതി"

എന്നു കവി പറയുന്നതിൽ നിന്നും പ്രണയത്തിന്റെ നേരിയ ഛായയെങ്കിലും ഉപഗുപ്തനോടു തോന്നിയ വികാരത്തിൽ ഉണ്ടായിരുന്നുവെന്നു നാം മനസ്സിലാക്കണമെന്നു കവിക്കു ഉദ്ദേശമുള്ളതുപോലെ തോന്നുന്നു.

ചുടുകാട്ടിൽ തള്ളിയ വാസവദത്തയേ സന്ദർശിക്കുന്നതിനു ഉപഗുപ്തൻ ആഗതനാകുന്നു.

> "രക്തമെല്ലാം ഒഴുകിപ്പോയ്, ക്ഷയിച്ചു-
> ശക്തി, നിരകാം
> ...മായി, പ്രാണപാശമറുമാറായി;
> ...ിലുമവളായുപമുനിയെ വീക്ഷി-
> പ്പാൻ
> പൊക്കിട്ടുന്നു തല രാഗവൈഭവം കണ്ടോ!"

ഇപ്രകാരം ബീഭത്സവും, ഭയാനകവുമായ പരിതഃസ്ഥിതികളിൽ കിടക്കുന്ന ആ മനുഷ്യപിണ്ഡം യുവമുനിയേ നോക്കുന്നതിനുവേണ്ടി തല പൊക്കുന്നതിന്റെ അർത്ഥം എന്താണ്? ഈ അവസരത്തിൽ വാസവദത്ത തലയുയർത്തി ഉപഗുപ്തനേ നോക്കിയതു കാമപ്രചോദിതയായിട്ടാണ് എന്നു വിചാരിക്കുന്നതിൽ പരം അബദ്ധമെന്താണ്? ഈ 'രാഗവൈഭവം' യഥാർത്ഥ പ്രണയ പാരവശ്യമല്ലാതെ പിന്നെന്താണ്?

> "അറിയുന്നുണ്ടെങ്കിലും ഞാനകൃത്രിമ പ്ര-
> ണയത്തി-
> ന്നറപൊന്നു നിനക്കൊമ്പിലേറി നിന്നി-
> ളം"

എന്നുള്ള ഉപഗുപ്തഭാഷണം കൊണ്ടുള്ള സൂചനയും,

> "കര പററിനിന്നു വീണ്ടും കണ്ണടിത്തൻ-
> കുളത്തിലേ-
> ക്കരയന്നപ്പിടപോലെ നടന്നു പോയി"

എന്ന ഭാഗത്തു ഭോഗാസ്പദമായ കുളത്തിൽനിന്നു അല്പനേരത്തേക്കു വിമുക്തയായി കര പററി നില്ക്കയായിരുന്നുവെന്നു പറയുമ്പോൾ ഉള്ള ധ്വനിയും മേല്പറഞ്ഞ അഭിപ്രായത്തിനു ഉപോൽബലകങ്ങളത്രെ.

ഇപ്രകാരം വാസവദത്തയുടെ പ്രണയം ഒരു കുഴഞ്ഞ പ്രശ്നമായിട്ടാണിരിക്കുന്നതു്. ഇങ്ങനെ സ്ഥിരനിശ്ചയമില്ലാത്ത ഒരു നായികയേ സൃഷ്ടിച്ചതു, ഖണ്ഡകാവ്യത്തെ രസവിഷയകമായി ഭംഗിയാക്കണമെന്നുള്ള ഉദ്ദേശമാത്രത്താൽ പ്രേരിതനായി മുമ്പോട്ടു പോയപ്പോൾ അറിയാതെ വന്നു പോയതാണെന്നു ചിലർ അഭിപ്രായപ്പെടുന്നുണ്ട്. ഷേക്സ്പിയരുടെ, ആന്റണി ആൻഡ് ക്ലിയോപ്പട്രാ (Antony and Cleopatra) എന്ന നാടകത്തിലെ നായികയായ ക്ലിയോപ്പാട്രാ മരണത്തെ സ്വയം വരിച്ചതു ആന്റണിയോടുള്ള യഥാർത്ഥ പ്രേമം കൊണ്ടാണോ, ആത്മാഭിമാനസംരക്ഷണത്തിനാണോയെന്നുള്ളതു നിരൂപകന്മാരുടെ ഇടയിൽ ഭിന്നാഭിപ്രായത്തിനു ഇടയാക്കിയിരിക്കുന്നതുപോലെ, വാസവദത്തയുടെ പ്രണയശുദ്ധിയും ഭിന്നാഭിപ്രായത്തിനു ഇട കൊടുക്കുന്നു.

ചെട്ടിയാരുടെ ആഗമനവേളയിൽ വാസവദത്തയേ ഒരു തനി വേശ്യയായിട്ടു നാം കാണുന്നു; അടുത്ത നിമിഷത്തിൽ നാം അവളെ ഒരു കൊലപാതകിയായിക്കാണുന്നു. എങ്കിലും നാം അവളെ സ്നേഹിക്കുന്നു; അവളുടെ ആകാരസൃഷ്ടിയിൽ ആനന്ദിക്കുന്നു. അവൾ നമ്മുടെ നീതിബോധത്തെ കുഴക്കുന്നു; നമ്മുടെ ഭാവനയേ വശീകരിക്കയും അത്ഭുത സ്തബ്ധമാക്കുകയും ചെയ്യുന്നു. ആദ്യവസാനം നമ്മുടെ ധാർമ്മിക ബോധത്തിനു വിരുദ്ധമോയെന്നു സംശയിക്കത്തക്ക ഒരാകർഷണ വലയിൽ നമ്മെ വലിച്ചുകൊണ്ടുവരുന്ന വാസവദത്തയേ ചിത്രീകരിച്ചിരിക്കുന്ന ആശാന്റെ പാത്രസൃഷ്ടി വൈഭവം അന്യാദൃശം തന്നെ. ഷേക്സ്പിയരുടെ, പ്രസിദ്ധി നേടിയ കഥാപാത്രങ്ങളായ ക്ലിയോപ്പാട്രാ, ലേഡി മാക്‌ബെത്ത് എന്നിവരേപ്പോലെ വാസവദത്തയേയും നാം സ്നേഹിക്കയും ബഹുമാനിക്കയും ചെയ്തു പോകുന്നു.

# സ്ത്രീകളും സാഹിത്യകാരന്മാരും

ലോകസാഹിത്യത്തിൽ സ്ത്രീകൾക്കുള്ള സ്ഥാനം അനിഷേധ്യമാണ്. ഏതു കവിത പരിശോധിച്ചാലും അതിന്റെ ഉത്തേജകശക്തിയോ പ്രതിപാദ്യ വസ്തുവോ മിക്കവാറും സ്ത്രീകളായിരിക്കും. രമണീയമായ സകല വസ്തുക്കളും സ്ത്രീകളായിട്ടു തന്നെ കവികൾ സങ്കല്പിച്ചു കഴിഞ്ഞു. വിദ്യ, കവിത, ലത, പുഷ്പം ഇതെല്ലാം സ്ത്രീകളാണ്; അമ്പലും താമരയും അനുരാഗവിയോഗാദി വികാരഭേദങ്ങൾക്കു വിധേയരായ സ്ത്രീകളായിട്ടാണ് കാവ്യക്കാരന്റെ ദൃഷ്ടിയിൽ പ്രത്യക്ഷമാകുന്നത്. സ്ത്രീ, സുന്ദരി എന്നീ പദങ്ങളുടെ പര്യായ ശബ്ദങ്ങൾ തമ്മിൽ യാതൊരു ഭേദവും കൂടാതെ അന്യോന്യം പരാമർശിക്കുന്നതിനായി കവികൾ ഉപയോഗിച്ചു കാണുന്നതിൽനിന്നു സ്ത്രീകളെല്ലാം സുന്ദരികളും, അസുന്ദരമായ സകല വസ്തുക്കളും സ്ത്രീകളിൽനിന്നു വിഭിന്നവുമാണെന്നായിരിക്കാം കവികൾ വിശ്വസിക്കുന്നതെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. പുരുഷ സൌന്ദര്യവർണ്ണനയിൽ മൌനികളായ കവികൾപോലും സ്ത്രീ സൌന്ദര്യത്തിൽ കടക്കുമ്പോൾ വാവദൂകന്മാരായിട്ടാണ് കണ്ടുവരുന്നത്. മാൻമിഴിയും മധുമൊഴിയും മധുരാധരിയും മത്തേഭയാനയും കാവ്യകാരന്റെ പ്രത്യേക സ്വത്താണ്. സകല സ്ത്രീകൾക്കും ഈ വിശേഷണങ്ങൾ എല്ലാം തന്നെ ഘടിപ്പിക്കുന്നതിൽ യാതൊരു വിരോധവുമില്ല. സൌന്ദര്യവും അനുഭവിക്കുന്ന മാതിരിയെല്ലാം ചേർക്കുന്നതിൽ സുന്ദരങ്ങളും ഹൃദയാഹ്ലാദകങ്ങളുമായ സകല സാമഗ്രികളുടേയും അധിഷ്ഠാന ദേവതയായിട്ടു സാഹിത്യ ക്ഷേത്രത്തിൽ സ്ത്രീകൾ പ്രതിഷ്ഠിതരായി എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. സൌന്ദര്യംകൊണ്ടു അനുഗൃഹീതരായിട്ടുള്ളതു സ്ത്രീകളോ പുരുഷന്മാരോ എന്നുള്ള ചോദ്യം ഏററവും രസാവഹമായിരിക്കുമെങ്കിലും അതിനിവിടെ ഉദ്യമിക്കുന്നില്ല. പൂങ്കോഴിയും ആൺമയിലും തങ്ങളുടെ പെൺജാതിയേക്കാൾ മനോഹരമാണെന്നു സ്പഷ്ടമാണ്. സൌന്ദര്യവർണ്ണനത്തിൽ മനുഷ്യസമുദായത്തിനു മാത്രം ഇതിൽനിന്നു വിഭിന്നമായ ഒരു രീതിയാണ് ബ്രഹ്മാവു് അവലംബിച്ചതെന്നു കരുതുന്നതിൽ അസാംഗത്യമില്ലേ എന്നുള്ള സംശയം സംഭാവ്യമാണ്.

ഏതായാലും സൌന്ദര്യവിഷയത്തിൽ സാഹിത്യകാരന്മാർ പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായങ്ങൾക്കു ഐകരൂപ്യമുണ്ട്. സ്ത്രീകളെ സൌന്ദര്യദേവതയായി അവർ അഭിഷേകം ചെയ്തുകഴിഞ്ഞു.

> "എന്നില്ലത്തിനു ലക്ഷ്മി സ്വയമിവൾ നയനങ്ങൾക്കു പീയൂഷധാരാ
> തന്വംഗസ്പർശമോയെൻ തനുവിനു നവമാം ചന്ദനച്ചാറു തന്നെ."

എന്നാൽ സ്ത്രീകളുടെ സ്വഭാവത്തെ സംബന്ധിച്ചിടത്തോളം സാഹിത്യലോകം ഭിന്നാഭിപ്രായക്കാരാണ്. ഭിന്ന കാലങ്ങളിലും ഭിന്ന രാജ്യങ്ങളിലും ജീവിച്ചിരുന്ന മഹാകവികൾ സ്ത്രീകളെ സംബന്ധിച്ച് രേഖപ്പെടുത്തിയിരിക്കുന്ന അഭിപ്രായങ്ങൾ പരിശോധിക്കുന്നതു ഏററവും രസാവഹമായ ഒരു പഠനമായിരിക്കും. പുരാതന ഭാരതത്തിൽ സ്ത്രീകൾക്കു വിലയും നിലയുമുണ്ടായിരുന്നുവെന്ന് ഗാർഗ്ഗി, മൈത്രേയി മുതലായ പുരാണ പുണ്യ വനിതകളുടെ നാമധേയങ്ങൾ സുസ്പഷ്ടമാക്കുന്നു.

> "ന സ്ത്രീ സ്വാതന്ത്ര്യമർഹതി"

എന്നും മററുമുള്ള വിധികൾ പിന്നീടുണ്ടായ ധർമ്മശാസ്ത്രകോടതികളിലും സാഹിത്യസമ്മേളനങ്ങളിലും പാസ്സാക്കിയതായിരിക്കണം. സ്ത്രീയുടെ മാനസികാധ്യാത്മികങ്ങളായ അധഃപതനമോ പുരുഷന്റെ സ്വാർത്ഥമോ ഈദൃശങ്ങളായ വിധി കല്പിക്കുന്നതിൽ പ്രേരകങ്ങളായതെന്നു നിർണ്ണയിക്കുവാൻ നിവൃത്തിയില്ല.

> "സ്മർത്തവ്യേഷുകിമുത്തമം? മൃഗദൃശാം പ്രേമ പ്രസന്നം മുഖം,
> ഘ്രാതവ്യേഷ്വപി കിം? തദാസ്യപവനഃ
> സ്പൃശ്യേഷു കിം? തദ്വപുഃ,
> കിം സ്വാദ്യേഷു? തദോഷ്ഠപല്ലവരസഃ
> ശ്രാവ്യേഷു കിം? തദ്വചഃ
> ധ്യേയം കിം? നവയൌവനം സഹൃദയൈഃ സർവ്വത്ര തദ്വിഭ്രമഃ."

എന്നെല്ലാം എഴുതിക്കൂട്ടി അവരുടെ സൌന്ദര്യാഭിമാനത്തെ ഉത്തേജനം ചെയ്തു ഏതാണ്ടൊരു ദുരഭിമാനത്തിൽ ചാടിക്കുകയും, അതേ സമയം തന്നെ "ന സ്ത്രീ സ്വാതന്ത്ര്യമർഹതി" എന്നു ചന്ദ്രഹാസമിളക്കുകയും ചെയ്തു പുരുഷൻ സ്വാർത്ഥത്തെയല്ലേ മുൻ നിറുത്തി പ്രവർത്തിച്ചതെന്നു സംശയിക്കാൻ ധാരാളം വകയുണ്ട്. ഏതായാലും പൌരാണികമായ ആ ഉന്നതസ്ഥാനത്തിൽനിന്നു സാഹിത്യലോകത്തിലെ സ്ത്രീകൾക്കു മധ്യകാലങ്ങളിൽ വലിയ അധഃപതനം സംഭവിച്ചുപോയി. സ്ത്രീയെ

> 'ഗതിവിജിതവലമഥനഗജതിലകയാ—'

എന്നു ദീർഘസമസ്ത പദങ്ങളാൽ വർണ്ണിക്കുകയും,

> "ഉമ്പർകോനുടയ കൊമ്പനാനയുടെ കുംഭവും കനകകുംഭവും
> കുമ്പിടുന്ന കുചകുംഭമുള്ളവരിൽ മുമ്പുതേടി വിലസും പ്രിയേ"

എന്നിങ്ങനെ നീട്ടി വലിച്ച് സംബോധന ചെയ്യുകയും

> "മധുതിഷ്കുതി വാചി യോഷിതാം"

എന്നും

> "മധു നിന്മാധുര്യത്തെ വാങ്ങുവാങ്ങിക്കാം— സത്യം
> മധുരം തവാധരമൊന്നുമാത്രം മേ നിത്യം"

എന്നും സമ്മതിക്കുകയും ചെയ്താരെങ്കിലും സ്ത്രീകളുടെ

> "ഹൃദി ഹാലാഹലമേവകേവലം"

എന്നായിരുന്നു കവികളുടെ അഭിപ്രായം. അവർക്കു സ്ത്രീകളെപ്പററി പറയാനുള്ളതെല്ലാം തന്നെ

> "മൃദു ബഹിരന്തഃ കഠിനം"

എന്നു ഒരു ചെറിയ സൂത്രവാക്യത്തിൽ സംഗ്രഹിക്കാവുന്നതാകുന്നു. ഈ ആശയം തന്നെ

> "അല്പോളം തവമന്ദഹാസനികടേ കോനിലാവും കരു,— [ലും
> ഉല്പിന്നുണ്ടു നിലാവൊളം വെളുവെളുപ്പോസി കേശാന്തികേ;
> കല്പോളം കടുതെന്നു തോന്നുമൊരിളം പൂമെയ് തൊട്ടുനോക്കവോ!
> കല്പം പല്ലവകോമളം തവമനം ചിന്തിക്കിലേണേക്ഷണേ!"

എന്ന സുപ്രസിദ്ധമായ ശ്ലോകത്തിൽ കുറെക്കൂടി വിവരിച്ചു പ്രസ്താവിച്ചിരിക്കുന്നു. സുമദലം പോലെ മൃദുലമായ ശരീരവും കയ്യിലിന്റെ കളകണ്ഠത്തെ ജയിക്കുന്ന സ്വരവും സ്ത്രീകൾക്കുണ്ടെന്നു കവികൾ സമ്മതിക്കുന്നുണ്ടെങ്കിൽ ഹൃദയം മാത്രം 'കല്പോളം കടുതെ'ന്നു പറയുന്നതിൽ അസാംഗത്യമില്ലേ?

> ചർമ്മവും രസനയും കണ്ണും മൃദുലമായ്
> നിർമ്മിച്ച ചതുർമ്മുഖൻ ചേതസ്സു കല്ലാക്കമോ?

അഭിപ്രായത്തിന്റെ സാധുതാസാധുതാ വാദങ്ങൾ എങ്ങനെയെങ്കിലുമിരിക്കട്ടെ. ഏതായാലും മധ്യകാലങ്ങളിൽ ഭാരത സാഹിത്യലോകത്തിലെ സ്ത്രീകൾ മിക്കവാറും ആമ്ര (മാങ്ങ) ഫലം പോലെ

> "മൃദുബഹി, രന്തഃ കഠിനം"

എന്നുള്ള വിശേഷത്തിനു വിധേയരായിരുന്നു.

അന്ധനും പ്രധാനമായ ദീർഘതമസ്സിനെ അദ്ദേഹത്തിന്റെ ഭാര്യ

> "ഗംഗയിലൊരു തോണിതന്നിൽ വച്ചൊഴുക്കിനാൾ."

അതെങ്ങനെ സാധൂകരിക്കാമെന്നുള്ളതിനു എഴുത്തച്ഛൻ തന്റെ സുപ്രസിദ്ധമായ പ്രശാന്ത ഗംഭീരസ്വരത്തിൽ

> "അംഗനാജനങ്ങൾക്കു തോന്നുമിത്തരം— പണ്ടേ."

എന്നു അർത്ഥഗർഭമായ ഒരൊററ ചെറിയ വാചകത്തിൽ ഉത്തരം പറയുന്നു. പണ്ടേ മുതൽക്കു തന്നെ ഇപ്രകാരമുള്ള കടുംകൈകൾ ചെയ്വാൻ മടിക്കാത്ത അശുദ്ധഹൃദയകളാണ് സ്ത്രീകൾ എന്നത്രേ ആ മഹാനുഭാവന്റെ സമാധാനം.

സ്ത്രീകൾ പറയുന്നതു വിശ്വസിക്കുകയോ അവരുടെ നിർദ്ദേശമനുസരിച്ചു പെരുമാറുകയോ ചെയ്യരുതെന്നായിരുന്നു പഴയ കവികളുടെ നിരന്തരമായ ഉപദേശം. "പെണ്ണിന്റെ ചൊൽകേട്ടു ചാടിപ്പുറപ്പെട്ട പൊണ്ണ

ൻ" ഹിമസേനൻ പററിയ അമളി സവിസ്തരം വർണ്ണിച്ച് കുഞ്ചൻ നമ്പ്യാർ നമ്മെ ഒരു പാഠം പഠിപ്പിക്കുവാൻ തന്നെ ഒരുങ്ങുന്നു.

"യോഷമാരുടെ വാക്കു സത്യമെന്നോർക്കുന്നവൻ
ഭോഷനെന്നതുമതിനില്ല സംശയമേതും"

എന്ന് എഴുത്തച്ഛൻ ലോകഗുരുവായ ശ്രീരാമനെക്കൊണ്ടു തന്നെ പറയിക്കുന്നു. നേരമ്പോക്കിനു വേണ്ടിയോ ഫലിതത്തിനു വേണ്ടിയോ അല്ല അദ്ദേഹം എന്തെങ്കിലും പറയുന്നത് എന്നും നാം മനസ്സിലാക്കണം. എഴുത്തച്ഛന്റെ ഈ അഭിപ്രായം തന്നെയാണ് ബി. സി. 5—ാം ശതകത്തിൽ ജീവിച്ചിരുന്ന യവനമഹാകവിയായ ഈസ്കയിലസ് (Æschylus) രേഖപ്പെടുത്തിയിരിക്കുന്നത്.

"Persuasion soon invades the female's realm,
Her judgment pale is quickly overthrown,
Feebly she holds an unresisting helm
But fading soon to nothing the renown.
Told by a woman's tongue
Will not endure for long."
(Agamemnon)

ഈ തത്വത്തിന്റെ വിശദീകരണമാണ് ഈസ്കയിലസ്സിന്റെ ഏററവും പ്രധാനപ്പെട്ട ദുരന്തപര്യവസായിയായ നാടക (Tragedy) ത്തിൽ കാണുന്നത്. ലോക വ്യവഹാരങ്ങളോ മനുഷ്യസ്വഭാവങ്ങളോ അറിയാതെ പുസ്തകോപജീവിയായി മനോരാജ്യ സാമ്രാജ്യ സന്ദർശനം നടത്തുന്ന ഒരു കവിയല്ലായിരുന്നു ഈസ്കയിലസ്സ് എന്നും നാം ധരിക്കേണ്ടതാണ്. ഈ മഹാകവിയുടെ ആശയം തന്നെ "കീററ്സ്" (Keats) എന്ന ആംഗലയുവകവിയിൽകൂടി പ്രചണ്ഡമായി പ്രതിദ്ധ്വനിക്കുന്നു.

"Must not a woman be
A feather on the sea
Swayed to and fro by every wind and tide,
Of as uncertain speed
As blow-ball from the meed."

പ്രായേണ 'ശ്രീക്കും സ്ത്രീക്കും കാററിനും സ്ഥൈര്യമില്ലെന്നാണ് സാഹിത്യകാരന്മാരുടെ അഭിപ്രായം. ശാരീരികമായി മാത്രമല്ല മാനസികമായും സ്ത്രീകൾ അബലകളാണെന്നത്രേ ലോകമഹാ കവിയായ ഷേക്സ്പീയർ പറയുന്നത്.

"Frailty thy name is woman!"

(ദൌർബ്ബല്യമേ, നിന്റെ പേരു സ്ത്രീയെന്നാണ്.) ശാരീരികവും, മാനസികവും, ആദ്ധ്യാത്മികവുമായ സകല ദൌർബ്ബല്യത്തെയും പരാമർശിക്കത്തക്ക വ്യാപകാർത്ഥമാണ് Frailty എന്ന പദത്തിനുള്ളത്.

മദ്ധ്യകാലങ്ങളിൽ യൂറോപ്യൻ വനിതകൾക്ക് അസൂയാവഹമായ ഒരു സ്ഥാനമുണ്ടായിരുന്നു. യുദ്ധങ്ങളിലും ആയുധാഭ്യാസ മത്സരങ്ങളിലും വിജയശ്രീലാളിതരാകുന്ന യുവയോദ്ധാക്കന്മാർക്കു സമ്മാനദാനം ചെയ്ത് അവരെ പ്രോത്സാഹിപ്പിക്കുന്നതിനായി, സുന്ദരിയായ ഒരു യുവതീരത്നത്തെ തല്ക്കാലത്തേക്കു രാജ്ഞിപദവി കൊടുത്തു ബഹുമാനിക്കുന്ന പതിവു പാശ്ചാത്യരാജ്യങ്ങളിൽ നടപ്പുണ്ടായിരുന്നു എന്ന് ഐവാൻഹോ (Ivanhoe) മുതലായ ആഖ്യായികകളിൽനിന്നും മനസ്സിലാക്കാവുന്നതാണല്ലോ. ഈ ആദരത്തിനു ഒരു സ്ത്രീയെ പാത്രമാക്കുന്നതു ശരീരസൌന്ദര്യം മാത്രമായിരുന്നുവെന്നു പ്രസ്താവയോഗ്യമാണ്. 17-ാം ശതകത്തിൽ ജീവിച്ചിരുന്ന തോമസ് ഓട്ട്വേ (Thomas Otway) എന്ന ആംഗലകവി സ്ത്രീകളുടെ ശരീരസുഭഗതയേയും മനോനൈർമ്മല്യാദി ഗുണങ്ങളേയും മുക്തകണ്ഠം പ്രശംസിച്ചെഴുതിയിട്ടുള്ള ഒരു പദ്യശകലം സവിശേഷം ആസ്വാദ്യമായിരിക്കുന്നു.

O woman, lovely woman, Nature made thee
To temper man; we had been brutes without you
Angels are painted fair to look like you.
There is in you all that we believe of heaven,—
Amazing brightness, purity and truth
Eternal and everlasting love.



സ്വർഗ്ഗീയമായ ശോഭയും പരിപാവനതയും സത്യവും അനശ്വരമായ പ്രേമവും കൊണ്ടു പുരുഷന്റെ മൃഗീയതയെ സംസ്കരിക്കുവാൻ സ്ത്രീകൾക്കു സാധിക്കുമെന്നാണ് ഓട്ട്വേയുടെ വിശ്വാസം. പക്ഷെ ഈ കവി തന്നെ വേറൊരിടത്ത് സ്ത്രീയുടെ ഗർഹണീയമായ വശത്തേയും ചിത്രീകരിച്ചിട്ടുണ്ട്.

What mighty ills have not been by woman?
Who was't betrayed the Capitol? A woman!
Who lost Mark Antony the world? A woman!
Who was the Cause of a long ten year's war,
And laid at last old Troy's ashes? woman!
Destructive, damnable, deceitful woman!

സ്ത്രീയുടെ ഗുണദോഷവശങ്ങളെ പ്രത്യേകം പ്രത്യേകം അവലോകനം ചെയ്ത്, രണ്ടു പ്രത്യേക ചിത്രങ്ങൾ അദ്ദേഹം വരച്ചു കാണിച്ചിരിക്കുകയാണ് ചെയ്തിട്ടുള്ളത്. ഒരു കേസിന്റെ വാദിഭാഗവും പ്രതിഭാഗവും കേട്ട് നിഷ്പക്ഷമായി വിധി കല്പിക്കുവാൻ ബാദ്ധ്യസ്ഥനായ ഒരു വിധികർത്താവിന്റെ നിലയല്ല കവി ഇവിടെ അവലംബിച്ചിരിക്കുന്നത് എന്നു സ്പഷ്ടമാണല്ലോ. "Destructive,"— സ്ത്രീകൾ നാശഹേതുക്കളാണെന്നു ഭാരതീയ കവികളും അഭിപ്രായപ്പെട്ടിട്ടുണ്ട്.

അനുചിതകർമ്മാരംഭഃ
സംഘവിരോധോ ബലീയസീ സ്പർദ്ധാ,
പ്രമദാജനവിശ്വാസഃ;
നാശദ്വാരാണി ചത്വാരി.

എന്നുള്ള ആപ്തവചനം സുപ്രസിദ്ധമാണല്ലോ. അനുചിതകർമ്മാരംഭം, സംഘവിരോധം, ബലവാനോടു വിരോധം, സ്ത്രീജന വിശ്വാസം ഇവ നാലും നാശകാരണങ്ങളാണ്.

18—ാം ശതാബ്ദത്തിന്റെ പ്രഥമാർദ്ധത്തിൽ ജീവിച്ചിരുന്ന സുപ്രസിദ്ധ ഹാസ്യസാഹിത്യകാരനായ ജോനാഥൻ സ്വിഫ്റ്റ് (Jonathan Swift) സ്ത്രീ സമുദായത്തെപ്പററി രേഖപ്പെടുത്തിയിരിക്കുന്ന അഭിപ്രായങ്ങൾ നിശിതവും നിർദ്ദയവും ആയിരിക്കുന്നു. "കുരങ്ങുകളെക്കാൾ ഒരു പടിയെങ്കിലും ഉയർന്നതല്ലാത്ത ഒരുതരം ജീവികളെന്നല്ലാതെ നിങ്ങളെ (സ്ത്രീകളെ) മനുഷ്യജീവികളായി പരിഗണിക്കുവാൻ എനിക്കു നിവൃത്തിയില്ല" എന്നാണ് സ്വിഫ്റ്റ് ഒരു യുവതിക്കു എഴുതിയയച്ചത്. "നിങ്ങളേക്കാൾ കൂടുതലായി വിനോദഹേതുക്കളായ പല വിദ്യകളും അവററിനു വശമുണ്ടെന്നു മാത്രമല്ല, നിങ്ങൾക്കുള്ള ദോഷങ്ങൾ കൂടി അധികമായി സംഭവിക്കുന്ന സ്വഭാവങ്ങൾ അതിനില്ല; നിങ്ങളെ സംരക്ഷിക്കാൻ വേണ്ടിവരുന്ന ധനവ്യയവും അവയ്ക്കു വേണ്ടിവരുന്നില്ല" എന്നത്രേ അദ്ദേഹം തുടർന്നെഴുതുന്നത്. വിദ്യയോ വിവേകമോ ഇല്ലാത്ത ഒരുതരം മൃഗീയ സൃഷ്ടികളായിട്ടല്ലാതെ അദ്ദേഹം പൊതുവേ സ്ത്രീ സമുദായത്തെ കണക്കാക്കിയിരുന്നില്ല. അദ്ദേഹം ദോഷൈകദൃക്കായ ഒരു പരിഹാസരസ പ്രപഞ്ചനവിദഗ്ദ്ധനായിരുന്നുവെന്നു മാത്രമല്ല, ഒരു സ്ത്രീസമുദായ വിദ്വേഷിയും കൂടിയായിരുന്നു. അപൂർവ്വം ചില സ്ത്രീ വ്യക്തികളെ അദ്ദേഹം സ്നേഹിക്കുകയും ആദരിക്കുകയും ചെയ്തിരുന്നുവെങ്കിലും സ്ത്രീ സമുദായത്തോടു പൊതുവെ അദ്ദേഹത്തിനു വെറുപ്പാണുണ്ടായിരുന്നത്. അനാശാസ്യമായ ആഡംബര പ്രിയതയും ദുരഭിമാനവും ദുർവൃത്തിയും സ്ത്രീകളുടെ സഹജഗുണങ്ങളായിട്ടാണ് അദ്ദേഹം കണ്ടിരുന്നത്.

സ്വിഫ്ടിന്റെ സമകാലികനും സുപ്രസിദ്ധ കവിയുമായ അലക്സാണ്ടർ പോപ്പ്

"Men some to business, some to pleasures take,
But every woman at heart is a rake"

എന്ന് അഭിപ്രായപ്പെട്ടു കാണുന്നു. സ്ത്രീ എന്നും എപ്പോഴും വ്യഭിചാര പ്രവണമാണത്രേ. സ്ത്രീ സമുദായത്തിനു അപവാദഹേതുകമായ ഈദൃശാഭിപ്രായങ്ങൾക്കു സാഹിത്യലോകത്തിൽ പ്രചുരപ്രചാരം സിദ്ധിച്ചു കഴിഞ്ഞിട്ടുണ്ട്. വനിതാലോകത്തിൽ അനാവശ്യമായി ആക്ഷേപശരങ്ങൾ ചൊരിയുന്ന വിദ്വാന്മാരോട്, വിദുഷീരത്നമായിരുന്ന മനോരമത്തമ്പുരാട്ടിയുടെ

"യോഷാദോഷം മൃഷാ യഃ കഥയതി വിദുഷേ ഹന്ത! തസ്മൈ നമോസ്തു"

എന്ന നിശിതമായ ഉത്തരമാണ് നമുക്കു പറയാനുള്ളത്.

"നല്ല വസ്തുക്കൾ പെണ്ണുങ്ങൾക്ക നല്ലതല്ലാ" എന്നു കപിലോപാഖ്യാനകർത്താവു അഭിപ്രായപ്പെട്ടിരിക്കുന്നതു് ഏറ്റവും അത്ഭുതാവഹമായിരിക്കുന്നു. അന്യായമായ മർദ്ദനത്തിനും ആക്ഷേപത്തിനും പാത്രമാകുന്നവരോടു അനുകമ്പയും അവരുടെ ഗുണവശങ്ങളെ ലോകസമക്ഷം വിശദീകരിക്കണമെന്നുള്ള ആഗ്രഹവും ഹൃദയമുള്ള സകല മനുഷ്യർക്കും ഉണ്ടാകാവുന്നതാണല്ലൊ. അതുകൊണ്ടു തന്നെയായിരിക്കണം ആധുനിക കവികൾ പ്രായേണ സ്ത്രീപക്ഷപാതികളായി കാണപ്പെടുന്നതു്. മദ്ധ്യകാലങ്ങളിൽ മങ്ങിയ മഹിളാമഹിമാവു നവചൈതന്യത്തോടുകൂടി വീണ്ടും പ്രകാശിക്കുകയും വനിതയുടെ 'ഭാവശുദ്ധി'യും സന്മാർഗ്ഗപ്രതിപത്തിയും സാഹിത്യലോകം അറിഞ്ഞു വശമാവുകയും ചെയ്തു. "മുഗ്ദ്ധബഹി, രന്തഃകഠിനം" എന്നഭിപ്രായപ്പെട്ട പണ്ഡിതനോടു്

"ചർമ്മവും രസനയും കണ്ണവും മൃദുലമായ്
നിർമ്മിച്ച ചതുർമ്മുഖൻ ചേതസ്സു കല്ലാ-
ക്കുമോ?"

എന്ന എതിർവാദം പുറപ്പെടുവിക്കാൻ കവികൾ തയ്യാറായി എന്നു മാത്രമല്ല,

"ആനനത്തിങ്കൽ വായും രോമങ്ങൾ-
പോലും ചൊൽവു
വാനരൻ പൂമാനെന്നും ദേവത നാരി-
യെന്നും"

എന്നും കൂടി പറയാൻ ഭാവമുണ്ടു്. അബലകളെ അടിമത്വശൃംഖലയിൽ ബന്ധിച്ചു് അവശതയനുഭവിപ്പിക്കുന്ന പുരുഷന്റെ സ്വാർത്ഥബോധത്തോടു് ഒരു ഹൃദയാലുവിനു ന്യായമായിട്ടുണ്ടാകാവുന്ന കോപത്തിന്റെ ബഹിസ്ഫുരണങ്ങളാണു് ഉള്ളൂരിന്റെ ഈ പദ്യശകലങ്ങളിൽ ദൃഷ്ടവ്യമാകുന്നതു്. വിശാലഹൃദയനായ ഈ മഹാകവി തന്നെ വേറൊരിടത്തു്

"കണ്ടകം കൊണ്ടു തീർത്താൽ നാൻമുഖൻ-
പുരുഷനെ,—
കണ്ടകം നൊന്തപ്പുറം പൂക്കളായ് വധു-
ക്കളെ"

എന്നു പറയുന്നുണ്ടു്. വിശ്രുതപണ്ഡിതനും ലോകകാര്യവിചക്ഷണനും തത്വവേദിയുമായ ഈ മഹാകവിയുടെ സൂക്തിരത്നങ്ങൾ ഏറ്റവും ആദരണീയങ്ങളാണു്.

"നാരികളേ നിരായ് പുരുഷന്നു നന്മയി-
പ്പാരിൽ ഭവിപ്പാൻ പണിയെന്ന വാസ്ത-
വം"

അദ്ദേഹം പലപ്പോഴും ഉൽഘോഷിച്ചിട്ടുണ്ടു്. പുരുഷന്റെ സ്വാർത്ഥാഭിലാഷപ്രതിപത്തിയാണു് സ്ത്രീകളുടെ സകലവിധമായ അധഃപതനത്തിനും കാരണമെന്നാണു് കവി സാർവ്വഭൌമനായ വള്ളത്തോളിന്റെ അഭിപ്രായമെന്നു തോന്നുന്നു.

"സ്വാർത്ഥൈകതല്പരന്മാരവർ കാമത്തിൻ
പൂർത്തിക്കാപ്പുഷ്പത്തെച്ചേററിൽ വീഴ്ത്തി
തേവിടിച്ചെണ്ണാക്കിത്തീർത്താരവരൊരു
പാവമാം കൊച്ചു സഹോദരിയെ
സ്വച്ഛമാം ലോകസരസ്സിന്നടിത്തട്ടി-
ലിച്ചേർ നിറപ്പതു മാനുഷർ താൻ."

പൂമെയ്യുള്ള സൌന്ദര്യം സ്ത്രീകളുടെ ഹൃദയത്തിനുമുണ്ടെന്നും, അവരുടെ "ഹൃദിഹാലാഹലമേവകേവലം" എന്ന അഭിപ്രായം അടിസ്ഥാനരഹിതമാണെന്നും, നേരേമറിച്ചു സ്ത്രീഹൃദയം പരിപാവനവും സുദൃഢവുമായ പ്രേമത്തിനിരിപ്പിടമാണെന്നും ഇന്നത്തെ സാഹിത്യകാരന്മാർ മിക്കവാറും കരുതുന്നു.

"തരുണീമണികളെപ്പോലുള്ളഴിഞ്ഞുള്ള രാ-
ഗം
പുരുഷരിലൊരുനാളും കാണുകില്ലെന്തു ചെ-
യ്യാം?"

എന്നു് ഒരു യുവകവയിത്രി എഴുതിയിരിക്കുന്നതു് ഹൃദയംഗമവും നമ്മുടെ സവിശേഷമായ ശ്രദ്ധയെ അർഹിക്കുന്നതുമാകുന്നു. സ്ത്രീകളെല്ലാം ജഗജ്ജനനിയായ ചിച്ഛക്തിയുടെ അംശാവതാരങ്ങളായിട്ടാണു് ഭഗവാൻ രാമകൃഷ്ണപരമഹംസൻ പറയുന്നതു്. ഇന്നത്തെ യുവതികളിൽ പലർക്കും ഈ തത്വത്തോടു പ്രത്യേക പ്രതിപത്തിയുള്ളതുപോലെ തോന്നുന്നു.

സാഹിത്യലോകത്തിലെ ഈ സ്ത്രീചിത്രങ്ങൾ പരിശോധിച്ചു കഴിയുമ്പോൾ ഒരു സഹൃദയന്നു്

"അതുമല്ലിതുമല്ല സത്യം"

എന്നായിരിക്കും തോന്നുന്നതു്. അതിശയോക്തി സ്പർശം കൂടാതെ സാഹിത്യം കാണാൻ വിഷമമാകകൊണ്ടായിരിക്കാം സാഹിത്യകാരന്മാർ തങ്ങളുടെ ചിത്രങ്ങളെ ചിലപ്പോൾ വിധോജ്ജ്വലവർണ്ണങ്ങൾ കൊണ്ടു മനോമോഹനമാക്കുകയും, ചിലപ്പോൾ കരിക്കട്ടക്കരി കലത്തി കറുപ്പിച്ചു് ബീഭത്സമാക്കുകയും ചെയ്യുന്നതു്. തോമസ് ഓട്ട്വേയുടെ രണ്ടഭിപ്രായങ്ങൾ ശേക്സ്പിയറിന്റെ [illegible] ഷം ഉരച്ചു ഒന്നിച്ചുചേർത്താൽ കിട്ടുന്നതായിരിക്കും സ്ത്രീയുടെ യഥാർത്ഥമായ രൂപം. മഹാകവി ഉള്ളൂരിന്റെ അഭിപ്രായത്തെയും "മുഗ്ദ്ധബഹി, രന്തഃകഠിനം" ഇത്യാദി അഭിപ്രായങ്ങളേയും കലർത്തി ഒരു പുതിയ രൂപമുണ്ടാക്കുവാൻ സാധ്യമാണെങ്കിൽ അതായിരിക്കും സ്ത്രീയുടെ പരമാർത്ഥമായ രൂപം. സ്ത്രീ ഒരുതരം വാനരസൃഷ്ടിയാണെന്നു സ്വിഫ്റ്റും അല്ല ദേവതയാണെന്നു ഉള്ളൂരും പറയുന്നു. സ്ത്രീയും പുരുഷനും വാനരസൃഷ്ടിയാണെന്നു ഡാർവ്വിൻ പണ്ഡിതവാദം ചെയ്യുന്നു. ഇതിൽ ഏതെങ്കിലും ഒരഭിപ്രായം ശരിയാണെങ്കിൽ അതു ഡാർവ്വിന്റേതായിരിക്കും. ഡാർവ്വിന്റെ അഭിപ്രായം ശാസ്ത്രീയമായ പര്യവേക്ഷണങ്ങളുടെ ഫലമാകകൊണ്ടല്ല അതു ശരിയാണെന്നു ഞാൻ പറയുന്നതു്.

"The woman's cause is man's;
they rise or sink
Together, dwarfed or godlike, bond
or free"

എന്നുള്ള വേർഡ്സ്വർത്തിന്റെ അഭിപ്രായമാണു ഞാൻ ഇതിനു ആധാരമായി സ്വീകരിച്ചതു്. മനുഷ്യസൃഷ്ടി പരിപൂർണ്ണമാകണമെങ്കിൽ സ്ത്രീയും പുരുഷനും ആവശ്യമാണെന്നാണു ടെന്നിസന്റെ (Tennyson) പറയുന്നതു് [illegible] മാധുര്യവും (sweetness) സന്മാർഗ്ഗികൌന്നത്യവും (moral height) സ്ത്രീക്കു കൂടുതലായുണ്ടെങ്കിൽ പുരുഷനു സ്ത്രീയേക്കാൾ വിശാലമായ ഒരു മനസ്സു (mental breadth) ഉണ്ടെന്നത്രേ അദ്ദേഹം പറയുന്നതു്. സ്ത്രീക്കുള്ള ഗുണഗണങ്ങളെല്ലാം പുരുഷനിലോ പുരുഷനിൽ സാധാരണ കാണാവുന്ന ഗുണങ്ങളെല്ലാം സ്ത്രീകളിലോ കണ്ടുവെന്നു വരുന്നതല്ല. അതുകൊണ്ടു തന്നെയാണു്

Man for the field, and woman for
the hearth;
Man for the sword, and for the
needle she;
Man for the head, and w
t
Man to command and
All else is confusion."

എന്നു [illegible]

"Man to command, and

എന്നു പറയുമ്പോൾ "സ്ത്രീ [illegible] ന്നതി" എന്നു [illegible] 'ഇല്ല' എന്നു [illegible] ഉത്തരം പറയാം. ഒരു ശാസ്ത്രകാരന്റെ നിരീക്ഷണപാടവവും സൂക്ഷ്മതയും ടെന്നിസന്റെ എല്ലാ കൃതികളിലും സ്പഷ്ടമായി കാണാവുന്നതാണു്. അദ്ദേഹത്തിന്റെ സ്ത്രീചിത്രമാണു് സ്ത്രീയുടെ പരമാർത്ഥ [illegible] എന്നു കാണാൻ വിഷമമില്ല. സ്ത്രീപുരുഷന്മാർ തമ്മിൽ [illegible] മാത്രം [illegible] കല്പിക്കുന്നേ [illegible] പരമാർത്ഥത്തിൽ [illegible] ചെയ്യുന്നതു്. [illegible] സ്ത്രീപുരുഷന്മാരെന്നുള്ള [illegible] ഉൽകൃഷ്ടാപകൃഷ്ടതകൾ [illegible] അസംബന്ധമാണെന്നു വ്യക്തമാകുന്നതാണു്.

"As unto the bow, the cord is
So unto the man is woman;
Though she bends him she obeys
him,
Though she draws him, yet she
follows;
Useless each without the other."

എന്നു ലാങ്ങ് ഫെല്ലോ (Longfellow) ഒരിടത്തു പാടുന്നതു് ഏറ്റവും പരമാർത്ഥമാണെന്നു നമ്മുടെ 'മുഗ്ദ്ധബഹി,രന്തഃകഠിന'ക്കാർ മനസ്സിലാക്കിയാൽ നന്നായിരുന്നു.

"..................Seeing either sex alone
Is half itself."

V. Gopalan Nair
*Class IV.*

# മുഗൾചക്രവർത്തി

൧൭-ാം ശതാബ്ദത്തിൽ ഭാരതഭൂമി
ഗസീബ് എന്നൊരു മുഗൾചക്രവ
രണം നടത്തിയിരുന്നതായി ചരി
ിക്കുന്നുണ്ട്. ചരിത്രകാരന്മാർ ഇ
ഒരു വീരയോദ്ധാവ്, മഹമ്മദ്ദീന
ഒരു യഥാർത്ഥഭക്തൻ, ഹിന്ദുക്കളുടെ
ത്ത ശത്രു, ശിവാജി എന്ന മഹാരാ
ടെയും ദുർഗ്ഗാദാസനെന്ന രാജപുത്ര
ജാജ്വലമൂർത്തിയുടെയും ജന്മവൈരി, സഹോദരരക്തത്തിൽ നീന്തിക്കളിച്ചിട്ട സിംഹാസനാവകാശിയായ ഒരു മുസൽമാൻ, തന്റെ പിതാമഹനായ അക്ബർ പാദ്ഷായുടെ രാജപുത്രബന്ധത്തെ ഭത്സിച്ചിട്ട്, ഹിന്ദുക്കളെ നിർദ്ദയം ചവുട്ടിമെതിക്കണമെന്ന സിദ്ധാന്തക്കാരൻ എന്നും മററും പറയുന്നുണ്ട്.

ഏതൊരു വസ്തുവിനും രണ്ടു വശമുണ്ട്. അതുപോലെ തന്നെ മനുഷ്യനും—നല്ലതും ചീത്തയും. ഇവ കൂടിയും കുറഞ്ഞും ഒരാളിൽ പ്രതിഫലിച്ചേക്കാം. കുറഞ്ഞതിനെ നിരാകരിക്കയും കൂടിയതിനെ പതിന്മടങ്ങാക്കുകയും ചെയ്യുന്നതു ലോകസ്വഭാവമാണ്. ഔറംഗസീബ് തന്റെ മതഭ്രാന്തുകൊണ്ടും കീർത്തിനേടുന്നതിനുള്ള ഔത്സുക്യംകൊണ്ടും പലരെയും ഉപദ്രവിച്ചിട്ടുണ്ട്. എന്നിരുന്നാലും അദ്ദേഹത്തിനും ചില സൽഗുണങ്ങളുണ്ടായിരുന്നു.

ബലിഷ്ഠനായ ഒരു യോദ്ധാവും നയജ്ഞനായ ഒരു രാജ്യഭരണമീമാംസകനും ആയിരുന്ന അദ്ദേഹത്തിന്റെ വിജയപതാക ഭാരതത്തിന്റെ നാനാഭാഗങ്ങളിലും പാറിക്കൊണ്ടിരുന്നു. പാശ്ചാത്യരും പൌരസ്ത്യരും അദ്ദേഹത്തിന്റെ കൊട്ടാരത്തിലെ മാണിക്യമരതകങ്ങളായിരുന്നു. അദ്ദേഹത്തിന്റെ മതഭ്രാന്ത് പല കഠിനകൃത്യങ്ങൾക്കും അദ്ദേഹത്തെ പ്രേരിപ്പിച്ചിട്ടുണ്ട്. ഹൈന്ദവോദ്യോഗസ്ഥന്മാരെ അവരുടെ ജോലികളിൽനിന്നും പിരിച്ചുവിടാൻ ആജ്ഞാപിച്ചതും ഹിന്ദുദേവാലയങ്ങളെ മസ്ജിദുകളായി മാററിയതും ജസിയാ എന്ന ചുങ്കത്തെ ഹിന്ദുക്കളുടെ മേൽ ചുമത്തിയതും സംഗീതവിദ്വാന്മാരെ നാട്ടിൽനിന്നു ബഹിഷ്കരണം ചെയ്തതും എല്ലാം അദ്ദേഹത്തിന്റെ മതത്തിൽ ഉള്ള വിശ്വാസംകൊണ്ടായിരുന്നു. ഔറംഗസീബ് നിഷ്ഠുരകൃത്യങ്ങൾ പലതും ചെയ്തിട്ടുണ്ട്. പക്ഷെ അവ ഹിന്ദുക്കളോടായിരുന്നു. അദ്ദേഹം മുസൽമാന്മാരല്ലാത്തവരെല്ലാം കാഫർമാരാണെന്നും അവരെ എന്തുചെയ്താലും പാപം ഇല്ലെന്നും വിശ്വസിച്ചുപോന്നു. 'അദ്ദേഹത്തിന്റെ നിഷ്ഠുരകൃത്യങ്ങൾക്കു തെല്ലു ശമനമുണ്ടായിരുന്നു എന്നു വരുകിൽ ഇതുനല്ല ഒരു ചക്രവർത്തി ഉണ്ടാകുമായിരുന്നില്ല' എന്നു ഇസ്ലിടെ ഒരു ചരിത്രകാരൻ ഘോഷിച്ചിരിക്കുന്നു.

പരാജയം ഏവക്കും വരാവുന്ന ഒന്നുതന്നെ. ശിവാജി എന്ന 'മലമൂഷികന്റെ' കസൃതികളിൽ ഔറംഗസീബിനു തോൽവി പററിയിട്ടുണ്ട്. പക്ഷെ അദ്ദേഹം ഭഗ്നോത്സാഹനായില്ല. വിജയത്തിന്റെ അന്ത്യദശയെ പ്രാപിക്കാൻ ശ്രമിച്ചു. പക്ഷെ ഫലിച്ചില്ല എന്നു വരുകിലും 'മുഗൾചക്രവർത്തിമാരിൽ അഗ്രഗണ്യൻ' എന്ന സ്ഥാനത്തിനർഹനായി. അക്ബർ നയത്താൽ രാജ്യം ഭരിച്ചു. ഔറംഗസീബ് പൌരുഷത്താലും ബാഹുബലത്താലും കീർത്തിമാനായി. അക്ബർ ഹിന്ദുമുസൽമാൻ മൈത്രിയെ സ്ഥാപിച്ചു. ഔറംഗസീബ് കാഫർമാരെ വെറുത്തു. അക്ബർ ഇസ്ലാമതത്തെ വെറുത്തു. ഔറംഗസീബ് പുനരുദ്ധരിച്ചു. അക്ബർ ദ്രവ്യാസക്തനായിരുന്നു. ഔറംഗസീബ് തന്റെ അന്ത്യദശയിൽപോലും മിതമായി ജീവിച്ചുവന്നു. തന്റെ പ്രധാനപ്പെട്ട ജോലി തൊപ്പി തുന്നുകയായിരുന്നു എന്നും അതിൽനിന്നും കിട്ടിയ മുതൽ തന്റെ മരണാനന്തരം ഉള്ള കർമ്മങ്ങളുടെ ചിലവിനായി സൂക്ഷിച്ചിരുന്നു എന്നും പറയുന്നു. ഹാ! ഇവരിലാരാണ് യഥാർത്ഥ പൌരുഷശാലി! യഥാർത്ഥ കീർത്തിമാൻ.

ഔറംഗസീബ് സകലരെയും അവിശ്വസിച്ചിരുന്നു. തന്റെ ലോകത്തിലെ ഉററബന്ധു തന്റെ സഹോദരി മാത്രമായിരുന്നു. താൻ രോഗബാധിതനായിരുന്നപ്പോഴും തന്റെ സഹോദരിയെ മാത്രമെ തന്റെ സമീപസ്ഥലത്തു വർത്തിക്കുവാൻ അനുവദിച്ചിരുന്നുള്ളു. അദ്ദേഹത്തിന്റെ പുത്രവാത്സല്യം, ഹുമയൂണിനു വേണ്ടി ദേഹത്യാഗം ചെയ്ത ബാബറിന്റെ പുത്രവാത്സല്യത്തിനേക്കാൾ വിലമതിക്കത്തക്കതായിരുന്നു. തന്റെ ദ്വിതീയസന്താനവും സഹോദരിയുമൊഴികെ ബാക്കി എല്ലാവരും അദ്ദേഹത്തിനെതിരായിരുന്നു. അദ്ദേഹത്തിന്റെ പുത്രനായ അക്ബർ കുമാരൻപോലും രാജപുത്രപക്ഷത്തു ചേർന്നു യുദ്ധം ചെയ്തിട്ടുണ്ട്. അദ്ദേഹം ഏകദേശം അരശതാബ്ദക്കാലം പരസഹായം കൂടാതെ മുഗൾ ചെങ്കോൽ നീതിക്കു യാതൊരു കളങ്കവും വരാതെ നാട്ടി എന്ന് ഒരു മഹമ്മദീയ ചരിത്രകാരൻ പറയുന്നു. പക്ഷെ ഇതിൽ എത്രമാത്രം വാസ്തവം ഉണ്ടെന്നു അറിയേണ്ടിയിരിക്കുന്നു.

അന്ത്യദശയിൽ ഔറംഗസീബ് എത്രമാത്രം പശ്ചാത്തപിച്ചിരുന്നു എന്നു പരിശോധിക്കാം. തന്റെ വാത്സല്യഭാജനമായ പുത്രനു നൽകിയ അന്ത്യസന്ദേശത്തിൽ തന്റെ പശ്ചാത്താപം പ്രതിബിംബിക്കുന്നുണ്ട്.

"പ്രിയ വത്സ,

അല്ലാഹു അക്ബർ, ഞാൻ ഈ ലോകത്തിൽ ഒരു അപരിചിതനായിട്ടാണു വന്നുചേർന്നതു്. എന്റെ അവിവേകംകൊണ്ടും കഠിനത്വംകൊണ്ടും ഞാൻ ദൈവസന്താനങ്ങളായ അനേകം മനുഷ്യരെ പീഡിപ്പിച്ചു. അനേകം ജീവൻ ഇല്ലാതാക്കി. അന്നു ഞാൻ ആരാണെന്നോ എന്താണു പ്രവൃത്തിക്കുന്നതെന്നോ അറിയാൻ പാടില്ലായിരുന്നു. അല്ലാഹു എന്റെ അകത്തും പുറത്തും സമീപത്തും ഉണ്ടായിരുന്നു. പക്ഷെ എന്റെ അന്ധകാരത്താൽ മൂടപ്പെട്ട കണ്ണുകൾക്കു ആ അപ്രമേയശക്തിയെ കാണാൻ സാധിച്ചില്ല. എന്റെ സമയം ഞാൻ ദുരുപയുക്തമാക്കി. എന്റെ സഹോദരങ്ങളെ നിഷ്ഠുരമായി കൊലകഴിച്ചു. പിതാവിനെ തടവിലാക്കി. ഹിന്ദുക്കളെ ഭത്സിച്ചു. എന്തെല്ലാം ഘോരകൃത്യങ്ങളാണു ചെയ്തതു്. ഇപ്രകാരം ഹൃദയശൂന്യനായ എനിക്കു എങ്ങനെയാണ് ഈ അന്ത്യകാലത്തു മനസ്സമാധാനമുണ്ടാകുന്നതു്.

എന്റെ പുത്രാ, എന്റെ ഇഹ...
ശേഷിച്ചിട്ടു ഒരൊററ ആശ, നി...
ന്ത്യോപദേശം നീ നിറവേററ...
ന്റെ ഓമനസന്താനങ്ങളെങ്കിലും...
ഷ്യമായ അധികാരത്തെ മാത്രം ല...
ത്തിൽ തള്ളരുതേ, ഈ ഭൂമിയിൽ...
രക്തച്ചൊരിച്ചിലിനു കാരണക്കാ...
ഇതു് എന്റെ അന്ത്യസന്ദേശമാ...
ണ്ടും പറഞ്ഞുകൊള്ളട്ടെ. ഞാൻ...
നായിപ്പോയി അതിന്റെ ഫലം...
ന്ന് ഊഹിക്കാൻ കൂടി വയ്യാ.

ഹാ! അല്ലാഹുവേ! ഞാൻ ... അങ്ങയെ ദർശിക്കുന്നു. എന്റെ പാപത്തിന്റെ ഫലവുമായി അങ്ങയുടെ ഭൃത്യന്മാർ എന്നെ പ്രതീക്ഷിച്ചു നില്ക്കുന്നു! എന്റെ പ്രിയപുത്രനെയും രാജ്യത്തെയും ഞാൻ അങ്ങയുടെ പാദാരവിന്ദങ്ങളിൽ സമർപ്പിച്ചുകൊള്ളുന്നു.

എന്റെ വത്സാ, നിനക്കെങ്കിലും ഈ ദുർബ്ബുദ്ധിയുണ്ടാകരുതേ. യാതൊരു മനുഷ്യരുടെയും സന്താപത്തിനു നീ കാരണക്കാരനാകരുതു്. നിന്നെയും നിന്റെ സന്താനങ്ങളെയും ഞാൻ അല്ലാഹുവിൽ സമർപ്പിച്ചിട്ടു് ഇതാ ഞാൻ അന്ത്യയാത്ര പറഞ്ഞുകൊള്ളുന്നു."

ഔറംഗസീബ് ഒരു യഥാർത്ഥ ഭക്തനായിരുന്നു. മഹമ്മദുമതത്തിലെ രണ്ടാം അശോകനായ ഔറംഗസീബിന്റെ മരണാനന്തരം അദ്ദേഹത്തിന്റെ ഇഷ്ടപ്രകാരം യാതൊരു ആഡംബരവുംകൂടാതെ ഒരു ഗ്രാമീണശവക്കുഴിയിൽ അദ്ദേഹത്തെ സംസ്കരിച്ചു. എത്ര നിഷ്ഠുരനായിരുന്നിട്ടും അദ്ദേഹത്തിന്റെ അന്ത്യദശയിലെ പശ്ചാത്താപം! ഹാ! അദ്ദേഹത്തിന്റെ സന്ദേശത്തിലെ ഓരോ വാക്കുകളിലും അദ്ദേഹത്തിന്റെ കഴിഞ്ഞകാലത്തെക്കുറിച്ചുള്ള പശ്ചാത്താപമല്ലെ പ്രതിബിംബിച്ചു കാണുന്നതു്?

V. Kunju Sankara Pillai,
*Class III*

## Our Exchange Magazines

**1st March, 1938, to 29th Aug., '38.**

1. Loyola College Magazine, Madras.
2. Govt. Victoria College Magazine, Palghat.
3. Kishori Ramen's College Magazine, Muttra.
4. The Maharaja's College Magazine, Ernakulam.
5. The American College Magazine, Madura.
6. The Madras Christian College Magazine, Madras.
7. The Excelsior, St. Berchman's College, Changanacherry.
8. The Lucknow Collegian, Lucknow.
9. The Govt. Brennen College Magazine, Tellicherry.
10. The Students' Chronicle & Serampore College Magazine, Serampore.
11. The Pudukottai College Magazine, Pudukottai.
12. The Malabar Christian College Magazine, Calicut.
13. St. Paul's College Magazine, Calcutta.
14. St. John's College Magazine, Agra.
15. Voorhees College Magazine, Vellore.
16. Illustrated Sports Magazine, Lahore.
17. The Govt. College Miscellany, Mangalore.
18. The National College Magazine, Trichinopoly.

Printed by Mr. C. V. Mathew, at the C. M. S. Press, Kottayam,
and published by Mr. T. I. Poonen, M. A., Managing Editor, U. C. College Magazine, Alwaye